(സി) വിദേശമദ്യത്തിന്റെ മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപയുടെ അധികധനാനുമതി അനുവദിച്ചു നൽകിയിട്ടുണ്ട്.

സർക്കാരിന്റെ ധനസ്ഥിതി

203 (543) ശ്രീ. എം. എ. ബേബി:

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. ദാസൻ :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; സർക്കാരിന്റെ ധനസംബന്ധമായ സർക്കാരിന്റെ പ്രഖ്യാപനങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ പൊരുത്തക്കേടുകളുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ധനസ്ഥിതി വിശദമാക്കാമോ ;

(ബി) നിലവിലെ യു.ഡി.എഫ് സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബഡ്ജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും തമ്മിൽ താരതമ്യപ്പെടുത്തി വിശദമാക്കാമോ ; വർദ്ധിച്ച റവന്യൂ കമ്മിക്ക് കാരണം വെളിപ്പെടുത്താമോ ;

(സി) ധനവകുപ്പ് ഉദ്യോഗസ്ഥരുടെ ഏതെങ്കിലും മുന്നറിയിപ്പുകൾ അവഗണിച്ചത് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ ; വിശദമാക്കാമോ ; റവന്യൂ വരുമാനത്തിന്റെ മുരടിപ്പിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയേക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ചെലവ് 33040.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 24123.31 കോടി രൂപയേക്കാൾ 36.96% കൂടുതലാണ്. 2014 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പടെ) 1771.95 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30-11-2014 -ൽ ട്രഷറി ബില്ലുകളിലായി 706.32 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷമുള്ള ഓരോ വർഷവും ബജറ്റുകളിൽ പ്രതീക്ഷിച്ച റവന്യൂ കമ്മിയും യഥാർത്ഥത്തിലുള്ള റവന്യൂ കമ്മിയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്:

വർഷം	ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ കമ്മി	യഥാർത്ഥ റവന്യൂ കമ്മി
2011-12	5533.91	8034.26
2012-13	3463.77	9351.44
2013-14	2269.97	11308.56
2014-15	7131.69	-

സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ തനത് നികുതി വരുമാനം പ്രതീക്ഷിച്ച തോതിൽ വളരാതിരുന്നതും റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിൽ വന്ന കുറവും വികസനച്ചെലവുകൾ വർദ്ധിച്ചതും സാമൂഹ്യ-ക്ഷേമ പദ്ധതികളുടെ അധികരിച്ച ചെലവും വർദ്ധിച്ച റവന്യൂ കമ്മിക്ക് കാരണമായിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ താത്ക്കാലിക കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിലുള്ള റവന്യൂ വരുമാനം വർദ്ധിക്കാതിരിക്കുകയും റവന്യൂ ചെലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ അധിക വിഭവ സമാഹരണമുണ്ടായില്ലെങ്കിൽ സാമ്പത്തിക ഞെരുക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടാകുമെന്ന് ധനവകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അധിക വിഭവ സമാഹരണത്തിന് ഉതകുന്ന തരത്തിൽ നികുതി-നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുകയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly